സി. എം. ചാത്തുവിന്റെ സമുദായ സേവനത്തെപ്പറ്റി എഴുതീട്ടുള്ള അഭിപ്രായത്തിന്റെ ഒരു കാപ്പി മലയാളത്തിൽ എഴുതി ഈ മേശപ്പുറത്തു വയ്ക്കാമോ?

രാമവമ്മതമ്പുരാൻ.—മിസ്റ്റർ മത്തായി ഇങ്ങിനെയൊരഭിപ്രായം എഴുതിയതായി കാണുന്നില്ല.

Allowance to Wardens of Colonies.

127. മിസ്റ്റർ കെ. പി. വള്ളോൻ.—കാളനി വാർഡന്മാർക്കു മാസം എന്തു അലവൻസു കൊടുക്കുന്നുണ്ട്?

രാമവമ്മതമ്പുരാൻ.—മാസത്തിൽ ഒ ക., വ ക., ഫ ഠ കഃ വീതം കാളനിയുടെ വലിപ്പം പോലെ അലവൻസ് കൊടുക്കുന്നുണ്ട്.

മിസ്റ്റർ കെ. പി. വള്ളോൻ.—ഇവക്ക് ട്രാവലിംഗ് അലവൻസു കൊടുക്കുന്നുണ്ടോ?

രാമവമ്മതമ്പുരാൻ.—നോട്ടീസു വേണം, നിശ്ചയമില്ല.

Examination—Depressed class Students.

128. മിസ്റ്റർ കെ. പി. വള്ളോൻ.—അധഃകൃതവിദ്യാർത്ഥികളുടെ പരിക്ഷയെ സംബന്ധിച്ച് ഫ ഫ ഠ വ-ൽ അധഃകൃതസംരക്ഷകൻ തൃശ്ശിവപേരൂർ സക്കാർ ഹൈസ്കൂൾ ഹെഡ്മാസ്റ്റർ അവർകൾക്ക് അയച്ചിട്ടുള്ള കത്തിന്റെ ഒരു കാപ്പി മലയാളത്തിൽ എഴുതി ഈ മേശപ്പുറത്തു വയ്ക്കാമൊ?

രാമവമ്മതമ്പുരാൻ.—അങ്ങിനെ ഒരു കത്തും അയച്ചിട്ടില്ല.

Taking Poison—Nettur Ullada Colony.

129. മിസ്റ്റർ കെ. പി. വള്ളോൻ.—നെട്ടൂർ ഉള്ളാട കാളനിയിൽ നിവസിക്കുന്ന ഒരാൾ രസം (വിഷം) കുടിക്കാനുണ്ടായ രഹസ്യത്തെപ്പറ്റി വാർഡൻ സംരക്ഷകൻ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാപ്പി സദയം മേശപ്പുറത്തു വയ്ക്കുമോ?

രാമവമ്മതമ്പുരാൻ.—ഉണ്ട്. അതിന്റെ കാപ്പി അനുബന്ധമായി ചേർത്തിരിക്കുന്നു. (*Appendix VI.*)

മിസ്റ്റർ സി. എ. ഒസേപ്പ്.—രസം കഴിച്ചതിന്റെ ഫലമെന്തായി?

രാമവമ്മതമ്പുരാൻ—നോട്ടീസു വേണം.

Ill-treatment of a Pulaya at Narakkal.

130. മിസ്റ്റർ കെ. പി. വള്ളോൻ.—(a) ഞാറക്കൽ നിവാസിയായ ഒരു അധഃകൃതനെ സ്ഥലത്തെ ഒരു കുസ്തിക്കാരി അദ്ദേഹത്തിന്റെ വീട്ടിൽ വിളിച്ചു കൊണ്ടുപോയി ദേഹോപദ്രവം ചെയ്തതായി ഗവമ്മെണ്ടറിഞ്ഞിട്ടുണ്ടോ;

(b) ടി അധഃകൃതൻ ഹർജി കൊടുത്ത കാരണവും പറഞ്ഞു വീണ്ടും ദേഹോപദ്രവം ചെയ്യാൻ ശ്രമിച്ചിരിക്കുന്ന വിവരം ഞാറ

LIBRARY ARCHIVES Kerala Legislative Assembly

APPENDIX IV.

(Vide answer to Question No. 111).

Statement of expenditure for the D. C. Hostel.

	Rs.	A.	P.
House rent	91	0	0
Messing charges	245	0	0
Allowance for cooks.—			
Head cook	31	12	0
Asst. cook	21	0	0
Furniture	100	0	0
Cooking utensils	30	0	3
Lighting charges	32	0	0
Warden's allowance	105	0	0
Miscellaneous	45	0	0
Total	700	12	0

APPENDIX V.

(Vide answer to Question No. 113).

Statement of expenditure in the Nettur Colony for 1107 and 1108.

		for 1107 Rs.	A.	P.	Till 1-11-08. Rs.	A.	P.
1.	Warden's allowance	72	10	0	100	0	0
2.	Agriculture	147	6	0	40	0	0
3.	Bhajana Mutt	60	0	0	10	0	0
4.	Sanitary improvements	80	0	0	25	0	0
5.	Industries	90	0	0	25	0	0
	Total	450	0	0	200	0	0

APPENDIX VI.

(Vide answer to Question No. 129).

Copy of the report, dated 14th Edavam 1108 from the Hon. Warden, Ullada Colony, Nettur.

ഇതൊന്നിച്ചു അയക്കുന്ന ഹർജ്ജിയിൽ പറയുന്ന സംഗതികൾ ഏതാണ്ടൊക്കെ നടന്നതാണ്. എന്നാൽ ഹർജ്ജിക്കാർ പറയും പോലെ ഇട്ടിശ്ശങ്കരൻ വെറും ഒരു ഭ്രാന്തനല്ല എന്നാണ് ഞാൻ അനുമാനിച്ചിരിക്കുന്നത്.

ഇട്ടിശ്ശങ്കരൻ രസംകെടിച്ചതായി കേട്ട് ഞാൻ ടിയാന്റെ വസതിയിൽ ചെന്നപ്പോൾ ടിയാന്റെ പഞ്ഞ പുച്ഛങ്ങളടക്കിയ കിടപ്പും മറ്റു കാളനി നിവാസികളാൽ അബാലവൃദ്ധം ചെയ്യുന്ന ശുശ്രൂഷകളും രസം ടിയാന്റെ വായിൽ കിടക്കുന്നതും കണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ടിയാനു" എന്നോ അപകടംതന്നെയെന്നു കരുതിയാണ് ഞാൻ ടിയാനെ ആസ്പത്രിയിൽ അയക്കുവാൻ തീച്ചയാക്കിയതു" വള്ളവും ആളുകളും തയ്യാറായപ്പോൾ ടിയാനിൽകണ്ട പ്രകൃതി വ്യത്യാസങ്ങൾ ഹർജിയിൽ പറയുംപോലെതന്നെ ആയിരുന്നു. ആ പ്രകൃതവ്യത്യാസത്തിനു കാരണം കാളനനിവാസികളിൽ ചിലർ ചെയ്ത ഔഷധത്തിന്റെ താല്ക്കാലിക ഫലങ്ങളാണെന്നു മാത്രം കരുതി ഞാൻ ടിയാനോട് ആസ്പത്രിയിൽപോകണമെന്ന് ആദ്യം സൌമ്യമായും പിന്നീടു ശാസിച്ചും പറഞ്ഞു.

"ആസ്പത്രിയിൽ പോയില്ലെങ്കിൽ ശങ്കരൻ ചീത്തയാകുമെന്നു" ഞാൻ പറഞ്ഞ ഉടനെ ടിയാനിൽ കണ്ട പ്രകൃതിവ്യത്യാസങ്ങൾ ഹർജിയിൽ പറയുംപോലെയും ഭയങ്കരവും ആയിരുന്നു. ആകസ്മികവും എന്നാൽ ഭയങ്കരവുമായ ആ പ്രകൃതവ്യത്യാസം കണ്ട് ഞാൻ ഉടൻ അടുത്ത കസ്ബാസ്റ്റേഷനിൽ അറിവുകൊടുത്തു.

പിറ്റെദിവസം സബ് ഇൻസ്പെക്ടർ സ്ഥലത്തെത്തിയപ്പോൾ ഇട്ടി ശങ്കരൻ സ്ഥലത്തില്ലായിരുന്നു. കാളനായിൽ ഉണ്ടായിരുന്ന സ്ത്രീകളെ (ടിയാന്റെ ഭാര്യയേയും) വിളിച്ചു ചോദിച്ചതിൽ ടിയാനു ഇടക്കിടക്ക് തലക്കു സ്ഥിരക്കുറവ് വരാറുണ്ടെന്നും എന്നാൽ രസം കണ്ടുകൊണ്ട് തങ്ങൾ ആദ്യം ഭയപ്പെട്ടുപോയെന്നും വാർഡന്റെ നേരെ ഭയങ്കരമായ വിധത്തിൽ ചെന്നപ്പോൾ ടിയാനു മുമ്പു വരാറുള്ള കിറുക്കുതന്നെ എന്നു കരുതിയെന്നും എന്നാൽ ആ വിവരം വാർഡനോടു പറയുവാൻ അന്നു സാധിച്ചില്ലെന്നുമായി പറഞ്ഞു.

സബ് ഇൻസ്പെക്ടർ പോയതിന്റെ പിറ്റെദിവസം കാളനായിലെ അംഗങ്ങളായ കുട്ടി കണ്ടനും ശങ്കു അയ്യപ്പനും കൂടി എന്റെ അടുത്തുവന്ന് ശങ്കരന്റെ കാര്യങ്ങൾ പറഞ്ഞുതീർത്തുകളയണമെന്നു പറഞ്ഞു. എനിക്കു ശങ്കരനോടു വൈകുന്നേരമായ യാതൊരു വൈരാഗ്യവുമില്ലെന്നും കാളനനിവാസികളുടെ ഭൂരിപക്ഷം സുഖത്തെ ഓർക്കുക. ഞാൻ കസ്ബയിൽ അറിയിച്ചതാണെന്നും കാളനായിൽ ഇമ്മാതിരി തകരാറു ടിയാൻ മേലാൽ ഉണ്ടാക്കുകയില്ലെന്നു കസ്ബയിൽ കൊടുത്തിരിക്കുന്ന റിപ്പോർട്ടിൽ സമ്മതിച്ചു ഒപ്പിട്ടുകൊടുത്താൽ മതിയെന്നുമായി പറഞ്ഞു ശങ്കരൻ അതിനു തിരുക്കമാണെന്നു അവർ എന്നോടുപറഞ്ഞു. കുറെ നേരം കഴിഞ്ഞപ്പോൾ ടിയാൻ എന്റെ അടുത്തുവന്നു വിശക്കുന്നുവല്ലതും തരണമെന്നൊക്കെ പറഞ്ഞു. ഉടൻ ഞാൻ കാപ്പികുടിക്കാനായി കൊടുത്ത ഒരണ ടിയാൻ സസന്തോഷം വാങ്ങി കാപ്പി

LIBRARY ARCHIVES Kerala Legislative Assembly

കൂടി കഴിഞ്ഞു വന്നു് തന്റെ വീട്ടിൽനിന്നു ചില ചില്ലറജോലി കളും എടുത്തു തുടങ്ങുന്നതായി കണ്ടു.

എന്നാൽ പിറ്റെദിവസം ടിയാൻ ഭാര്യയെന്നിച്ചു ഭാര്യാഗൃഹത്തിൽ പോകുവാൻ തയ്യാറാകുന്നതു കണ്ടു് ഞാൻ ചോദിച്ചതിൽ താൻപോയിട്ടു പിറ്റെദിവസംതന്നെ വരാമെന്നും എന്നോടു സമാധാനം പറഞ്ഞു.

എന്നാൽ ഈ സംഭവവും ഇതിനുമുമ്പൊരവസരത്തിൽ ഭാര്യ സമയത്തു ഭക്ഷണം കൊടുത്തില്ല എന്നു പറഞ്ഞു് വലിയൊരു വടിയും കയ്യിൽപിടിച്ചു് വീട്ടിൽനിന്നു് ദൂരെ ഒരു സ്ഥലത്തുപോയി മോഹാലസ്യത്തിൽപെട്ടതുപോലെ കിടന്നതും വേറൊരവസരത്തിൽ ടിയാൻ സാൽവേഷൻ ആർമിയിൽ ചേർന്നതായി ചില ലക്ഷണങ്ങൾ കാണിച്ചു തുടങ്ങിയതും ഞാൻ കാരണം ചോദിച്ചു് അതിനെ തടഞ്ഞപ്പോൾ തന്റെ ഭാര്യക്കും സ്വന്തക്കാർക്കും തന്നോടു് എത്രമേൽ സ്നേഹമുണ്ടെന്നു പരീക്ഷിച്ചതാണെന്നും മറ്റും തുടങ്ങിയ ടിയാന്റെ വികൃതി വേഷങ്ങളെല്ലാം കൂടി ആലോചിക്കുമ്പോഴാണു് ടിയാൻ കാളനല്ലെന്നും നിവാസികൾ പറയുംപോലത്തെ കിറുക്കനല്ല എന്നു് ഊഹിക്കേണ്ടിയിരിക്കുന്നതു്.

ടിയാന്റെ കഥയില്ലായ്മയും മണ്ടത്തരങ്ങളും അതിൽനിന്നു് അപ്പോഴപ്പോൾ വന്നുകൂടുന്ന വിഷമതകളും കണ്ടുംകേട്ടും അനുഭവിച്ചും കാളനിവാസികൾ തോറ്റു. ടിയാനെ കിറുക്കനെന്നു വിളിച്ചു് സമാധാനിക്കയാണു് ഉത്തമം; എന്നാൽ ടിയാൻ കിറുക്കനല്ലതാനും.

ഇമ്മാതിരി കിറുക്കില്ലാതെ കിറുക്കത്തരം കാണിച്ചു് തനിക്കും മറ്റുള്ളവർക്കും വിഷമതകൾ ഉണ്ടാക്കുന്നവരും പറഞ്ഞുകൊടുത്താൽ തലയിൽ കേറാത്തവരുമായ ഹിമാലയ മണ്ടന്മാരെ പോത്തുകളെ നയിക്കുന്നതുപോലെ ഓങ്ങിയാൽ മുഴങ്ങുന്ന ചാട്ടകൾ കൊണ്ടു തല്ലാതെ ഭയപ്പെടുത്തുന്നതായിരിക്കും ഉത്തമമെന്നു തോന്നുന്നു. ഈവക സംഗതികൾ അവിടുന്നതന്നെ നേരിട്ടു് സ്ഥലത്തു് വന്നു് അന്വേഷിച്ചാലല്ലാതെ ബോദ്ധ്യപ്പെടുകയില്ലെന്നു വിനയപൂർവ്വം അപേക്ഷിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly